**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1873 — 13-06-2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2018-ലെ പ്രളയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങൾ, നദികളുടെയും പുഴകളുടെയും ജലാശയങ്ങളുടെയും തീരങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവരുടെ വീടുകൾക്കും കൃഷി സ്ഥലങ്ങൾക്കും സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി ഈ മൺസൂൺ സീസണിന്റെ പശ്ചാത്തലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | എ) & ബി) | നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ 10-5-2019 ന് സംസ്ഥാന തലത്തിൽ കാലവർഷ-തുലാവർഷ തയ്യാറെടുപ്പ് യോഗം നടത്തി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. സംസ്ഥാനത്ത് Incident Response System 09/05/2019-ലെ സ.ഉ (സാധാ) നം.280/2019/ഡി.എം.ഡി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങിനെ നേരിടണം എന്നും നിർദ്ദേശം നല്കിയിട്ടുണ്ട്.<br>മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി പല ജില്ലകളിലും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ യോഗം അതാത് എം.എൽ.എ മാരുടെ അധ്യക്ഷതയിൽ വിളിച്ചു ചേർത്തിട്ടുള്ളതും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രകൃതിക്ഷോഭം കൂടുതൽ സാദ്ധ്യതയുള്ള സ്ഥലങ്ങളെ സംബന്ധിച്ച് വില്ലേജ് തലത്തിൽ വിവരശേഖരണം നടത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. |
| ബി) | ഉണ്ടെങ്കിൽ വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നദികൾ, പുഴകൾ, ജലാശയങ്ങൾ എന്നിവയുടെ തീരങ്ങളിൽ താമസിച്ചിരുന്നതും പ്രളയത്തിൽ വീട്, കൃഷി എന്നിവ നഷ്ടപ്പെട്ടതുമായ വ്യക്തികളെ സ്ഥലത്തു നിന്നും മാറ്റി താമസിപ്പിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വെള്ളപ്പൊക്കം മൂലം നശിച്ച തോടുകൾ ആഴം കൂട്ടി കയർ ഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വ ഭിത്തി സംരക്ഷിക്കാൻ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകി. |

സെക്ഷൻ ഓഫീസർ